"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- മുതലപ്പൊഴിയിൽ നടന്ന ബോട്ടപകടത്തിൽ കുടുംബനാഥനെ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ പുനരധിവാസം – ശ്രീമതി ലതിക റോബിന് ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.350/2026/F&P തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.1/2024/F&P തീയതി 05/01/2024.
2. ശ്രീമതി ലതിക റോബിൻ സമർപ്പിച്ച 29/01/2026-ലെ അപേക്ഷ.
3. ഫിഷറീസ് ഡയറക്ടറുടെ 06/04/2026-ലെ DFTVM/777/2026-S1PIU നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

10/07/2023-ൽ മുതലപ്പൊഴിയിൽ നടന്ന ബോട്ടപകടത്തിൽ റോബിൻ ഉൾപ്പെടെ നാലു പേർ മരണപ്പെട്ടിരുന്നു. അപ്രകാരം മരണപ്പെട്ടവരിൽ കുഞ്ഞുമോൻ, റോബിൻ എന്നിവർ ഭവനരഹിതർ ആയിരുന്നു. ശ്രീ.കുഞ്ഞുമോന് അദ്ദേഹത്തിന്റെ ഭാര്യാമാതാവ് മൂന്നു സെന്റ് സ്ഥലം നൽകുകയും മണപ്പുറം ഫിനാൻസ് ഫണ്ട് ഉപയോഗിച്ച് വീട് വച്ചു നൽകുകയും ചെയ്തിട്ടുണ്ട്. റോബിന്റെ ഭാര്യയായ ശ്രീമതി ലതിക റോബിൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആഴകുളത്തെ സീ-ഫുഡ് റസ്റ്റോറന്റിൽ ജോലി നൽകിയെങ്കിലും ജോലി സ്ഥലത്തേക്കുള്ള ദൂരം കൂടുതലായതിനാലും, കുട്ടിയെ പരിപാലിക്കാൻ വീട്ടിൽ ആരും ഇല്ലാത്തതിനാലും നിലവിൽ ജോലിക്ക് പോകാൻ സാധിക്കുന്നില്ലെന്ന് ശ്രീമതി ലതിക റോബിൻ അറിയിക്കുകയുണ്ടായി. കൂടാതെ, ശ്രീമതി ലതിക റോബിന് സ്ഥലം ഇല്ലാതിരുന്നതിനാൽ വീടു വയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ഒരു സംഘടന ഇവർക്ക് വീടു വയ്ക്കുന്നതിനായി മൂന്ന് സെന്റ് സ്ഥലം നൽകിയിട്ടുള്ളതായും, ആയതിനാൽ ടി സ്ഥലത്ത് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കണമെന്നും ശ്രീമതി ലതിക റോബിൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) പുനർഗേഹം പദ്ധതി പ്രകാരം സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടതും സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവരുമായ 355 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം പരിഗണിച്ചിട്ടുള്ള 355 പേരുടെ പട്ടികയിൽ ഉൾപ്പെട്ട ഭൂരിപക്ഷം പേരും ഭവന നിർമ്മാണ ചെലവ് വർദ്ധിച്ചതിനാൽ 4 ലക്ഷം രൂപയ്ക്ക് ഭവന നിർമ്മാണത്തിന് നിലവിൽ സന്നദ്ധരല്ലാത്ത സാഹചര്യമാണുള്ളതെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (3) അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ശ്രീമതി ലതിക റോബിന്റെ ഇപ്പോഴത്തെ ജീവിതാവസ്ഥയും, ഭവന നിർമ്മാണത്തിനുള്ള തുക അനുവദിക്കണമെന്ന അപേക്ഷയും പരിഗണിച്ച് സുരക്ഷിത മേഖലയിൽ ഭൂമിയുള്ളവർക്ക് പുനർഗേഹം പദ്ധതി പ്രകാരം 4 ലക്ഷം രൂപ ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന പ്രകാരമുള്ള ധനസഹായത്തിനായി ടിയാളെ പരിഗണിക്കാവുന്നതാണെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, അപകടത്തിൽ കുടുംബനാഥനെ നഷ്ടപ്പെട്ട ദുരന്തബാധിത

മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ പുനരധിവാസം ഉറപ്പാക്കുന്നതിനും, കുടുംബത്തിന്റെ ഭവനരഹിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുമായി, പുനർഗേഹം പദ്ധതിയുടെ സർവേ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവും, നിലവിൽ സുരക്ഷിത മേഖലയിൽ ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായിട്ടുള്ള വ്യക്തിയുമായ ശ്രീമതി ലതിക റോബിന്, സുരക്ഷിത മേഖലയിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് പുനർഗേഹം പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനായി അനുവദിച്ചുവരുന്ന **4,00,000/-** (നാല് ലക്ഷം) രൂപയുടെ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SAMEER KUMAR O J**
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ (സി2/124/2026/മതുവ നമ്പർ ഫയൽ )

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 19-06-2026 15:49:53

സെക്ഷൻ ഓഫീസർ